# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:06.11.2025**

### പ്രധാനവാർത്തകൾ

1. നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിൽ വിധിയെഴുതി ബിഹാർ. 5 മണി വരെ 60.13 ശതമാനം പോളിംഗ്. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 11ന്.

2. വന്ദേമാതരത്തിൻറെ 150-ാം വാർഷികാഘോഷങ്ങളിലേക്ക് രാജ്യം. ഒരു വർഷം നീളുന്ന പരിപാടികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

3. ഒരു തൈ നടാം ജനകീയ ക്യാമ്പയിനിലൂടെ ഒരു കോടി വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ച് സംസ്ഥാനം. അഭിമാനകരമായ നേട്ടമെന്ന് മന്ത്രി കെ രാജൻ.

4. കാഴ്ചപ്പാടുകൾക്ക് പകരം വാർത്തകൾക്ക് തന്നെയാകണം മാധ്യമങ്ങൾ പ്രാധാന്യം നൽകേണ്ടതെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ.

5. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് നാളെ പാലക്കാട് തുടക്കമാകും. നാല് ദിവസത്തെ മേളയിൽ 8,500 ലേറെ പ്രതിഭകൾ മാറ്റുരയ്ക്കും.

6. ഓസ്ട്രേലിയക്കെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യക്ക് 48 റൺ ജയം.

*********************

RNU TVPM

## ബിഹാർ തെരഞ്ഞെടുപ്പ്

നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിൽ വിധിയെഴുതി ബിഹാർ. 5 മണി വരെ 60.13 ശതമാനം പോളിംഗ് രേഖപ്പെടുത്തി. വോട്ടെടുപ്പ് പൊതുവെ സമാധാനപരമായിരുന്നു. 18 ജില്ലകളിലെ 121 മണ്ഡലങ്ങളിലേക്കാണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടന്നത്. അതെസമയം, രണ്ടാംഘട്ട തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്. ഈ മാസം 11 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

*********************

## പിഎം-വന്ദേമാതരം

വന്ദേമാതരത്തിൻറെ 150-ാം വാർഷികാഘോഷങ്ങളിലേക്ക് രാജ്യം. ഒരു വർഷം നീളുന്ന പരിപാടികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. അടുത്ത വർഷം നവംബർ 7 വരെ നീണ്ടുനിൽക്കുന്ന രാജ്യവ്യാപക ആഘോഷ പരിപാടികൾക്കാണ് ഇതോടെ തുടക്കമാകുന്നത്. ആഘോഷങ്ങളുടെ ഭാഗമായി ഹ്രസ്വ ഡോക്യുമെന്ററി പ്രദർശനം, സ്മാരക സ്റ്റാമ്പും നാണയവും പുറത്തിറക്കൽ എന്നിവയും നടക്കും.

*********************

## വന്ദേമാതരം-കേരളം

വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനത്തും വിപുലമായി പരിപാടികൾ സംഘടിപ്പിക്കും. വിവിധ യുവജന, സാംസ്കാരിക സംഘടനകളുടേയും സ്കൂളുകളുടേയും ബിജെപിയുടേയും ആഭിമുഖ്യത്തിൽ ആഘോഷപരിപാടികൾ നടക്കുമെന്ന് ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റും വന്ദേമാതരം @150 ൻറെ കൺവീനറുമായ ആർ ശ്രീലേഖ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

*********************

RNU TVPM

## ഒരു തൈ നടാം - ക്യാമ്പയിൻ (INTRO)

ഒരു തൈ നടാം ജനകീയ ക്യാമ്പയിനിലൂടെ ഒരു കോടി വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ച് സംസഥാനം. ഹരിതകേരളം മിഷൻറെ നേതൃത്വത്തിൽ  സംഘടിപ്പിച്ച ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ അഭിമാനകരമായ നേട്ടമാണെന്ന്  മന്ത്രി കെ. രാജൻ പറഞ്ഞു. ഒരു കോടി വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചതിൻറെ പ്രഖ്യാപനം തൃശൂരിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. നിർമിത ബുദ്ധിയുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്ന ഈ തലമുറ  ലോകത്തിൻ്റെ അവസാനവാക്ക് എ ഐ ആണെന്ന് തെറ്റിദ്ധരിക്കരുതെന്നും മന്ത്രി കെ.രാജൻ പറഞ്ഞു.

(വോയിസ്)

**********************

## കേരള ഗവർണ്ണർ

17-ാമത് പട്ടിക വർഗ്ഗ യുവജന വിനിമയ പരിപാടി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ കോഴിക്കോട്  ഉദ്ഘാടനം ചെയ്തു. കേന്ദ്ര ആഭ്യന്തര മന്ത്രാലയം,യുവജനകാര്യ കായിക മന്ത്രാലയം, മേരാ യുവ ഭാരത് എന്നിവ സംയുക്തമായിയാണ് പരിപാടി സംഘടിപ്പിച്ചത്. ഗോത്രവർഗ യുവജനങ്ങൾക്ക് രാജ്യത്തിൻ്റെ വിവിധ ഭാഗങ്ങളിലെ വികസന പ്രവർത്തനങ്ങൾ,സംസ്കാരം, തുടങ്ങിയവ നേരിട്ട് മനസ്സിലാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

**********************

## ഹൈക്കോടതി

അംഗീകൃത മെഡിക്കൽ യോഗ്യതയില്ലാത്ത ഫിസിയോതെറാപ്പിസ്റ്റുകളും OCCUPATIONAL തെറാപ്പിസ്റ്റുകളും പേരിന് മുന്നിൽ ഡോക്ടർ എന്ന പദം ഉപയോഗിക്കുന്നതിനെതിരെ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. അംഗീകൃത മെഡിക്കൽ യോഗ്യത

RNI TVPM

കൈവശമില്ലാത്ത ഫിസിയോതെറാപ്പിസ്റ്റുകൾ 'ഡോക്ടർ' പദം ഉപയോഗിക്കുന്നത് ഇന്ത്യൻ മെഡിക്കൽ ഡിഗ്രി ആക്ടിന്റെ ലംഘനമാണെന്ന് കോടതി

നിരീക്ഷിച്ചു. ഫിസിയോതെറാപ്പിസ്റ്റുകൾ, ഡോക്ടർ പദം ഉപയോഗിക്കുന്നത് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൻറെ നിർദ്ദേശം

നിലവിലുണ്ടെന്നും ഹൈക്കോടതി വ്യക്തമാക്കി.

*********************

## സ്ട്രോക്ക് സെന്ററുകൾ- വീണാ ജോർജ്

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ സമഗ്ര സ്ട്രോക്ക് സെന്ററുകൾക്ക് 18.87 കോടി രൂപയുടെ ഭരണാനുമതി. തിരുവനന്തപുരം, കോട്ടയം, തൃശൂർ, എറണാകുളം, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിലാണ് സ്ട്രോക്ക് സെന്ററുകൾ

വിപുലീകരിക്കുന്നതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്

അറിയിച്ചു. എല്ലാ ജില്ലകളിലും പക്ഷാഘാത ചികിത്സ

ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

*********************

## മന്ത്രി ആർ ബിന്ദു

സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിന് നൂതനമായ വിവിധ കോഴ്സുകൾ ആവിഷ്കരിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള CENTRE FOR CONTINUNING EDUCATION KERALA ലോകപ്രശസ്തമായ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവെച്ചു. ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദുവിൻറെ സാന്നിധ്യത്തിൽ CCEK ഡയറക്ടർ ഇഷിത റോയ് ആണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്. ജർമ്മനിയിലെ TUV റൈൻലാൻഡ്, ന്യൂഡൽഹി ആസ്ഥാനമായുള്ള എഡ്യൂനെറ്റ് ഫൗണ്ടേഷൻ, തിരുവനന്തപുരത്തെ പാലിയം ഇന്ത്യ എന്നിവയുമായാണ് സഹകരണം.

*********************

RNU TVPM

## ജീവപര്യന്തം

പത്തനംതിട്ട തിരുവല്ലയിൽ 19 കാരിയായ പെൺകുട്ടി തീപൊള്ളലേറ്റ് മരിച്ച കേസിൽ പ്രതി അജിൻ ജി മാത്യുവിന് ജീവപര്യന്തം കഠിനതടവും അഞ്ചു ലക്ഷം രൂപ പിഴയും. പത്തനംതിട്ട അഡീഷണൽ ഡിസ്ട്രിക്റ്റ് സെഷൻസ് കോടതിയുടേതാണ് ഉത്തരവ്. പിഴതുക കൊല്ലപ്പെട്ട യുവതിയുടെ മാതാപിതാക്കൾക്ക് തുല്യമായി വീതിച്ച് നൽകാനും പിഴതുക അടക്കാത്ത പക്ഷം പ്രതിയുടെ സ്വത്ത്കണ്ടു കെട്ടി ഈടാക്കാനും കോടതി വിധിച്ചു.

*********************

## സമുദ്ര സസ്തനികൾ

സമുദ്ര സസ്തനികളെ ശബ്ദവീചികളിലൂടെ മനസ്സിലാക്കാനും നിരീക്ഷിക്കാനുമുള്ള സാങ്കേതികവിദ്യ പരിചയപ്പെടുത്തി ഗവേഷകർ. കൊച്ചി CMFRI- യിൽ നടന്ന ആഗോള മറൈൻ സിംപോസിയത്തിലെ സമുദ്രസസ്തനികളെ കുറിച്ചുള്ള പ്രത്യേക സെഷനിൽ പുതിയ ഗവേഷരീതി ചർച്ച ചെയ്തു. ശബ്ദാധിഷ്ഠിത സാങ്കേതികവിദ്യ ഉപയോഗിച്ച് നൂറുകണക്കിന് കിലോമീറ്റർ അകലെ നിന്നുപോലും തിമിംഗലങ്ങളെയും ഡോൾഫിനുകളെയും നിരീക്ഷിക്കുന്നത് സമുദ്ര സസ്തനി ഗവേഷണത്തിൽ ഇത് വലിയ ചുവടുവെപ്പാകും.

*********************

## തീവ്രവോട്ടർ പട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായി BLO മാർ വീടുകൾ സന്ദർശിച്ച് എന്യൂമറേഷൻ ഫോം നൽകുന്ന നടപടികൾ പുരോഗമിക്കുന്നു. അടുത്ത മാസം 4 ന് മുൻപ് പൂരിപ്പിച്ച ഫോമുകൾ തിരികെ ഏൽപ്പിക്കണം. ഡിസംബർ 9 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. കരട് പട്ടിക സംബന്ധിച്ച പരാതികൾ 2026 ജനുവരി 8 ന് മുൻപ് സമർപ്പിക്കണം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും.

*********************

RNU TVPM

## ശില്പശാല-ആകാശവാണി(ഇൻട്രോ)

കാഴ്ചപ്പാടുകൾക്ക് പകരം വാർത്തകൾക്ക് തന്നെയാകണം മാധ്യമങ്ങൾ പ്രാധാന്യം നൽകേണ്ടതെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിനെ കുറിച്ച് ആകാശവാണി വാർത്താ വിഭാഗം  മാധ്യമ പ്രവർത്തകർക്കായി തിരുവനന്തപുരത്തു സംഘടിപ്പിച്ച ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്)

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻറെ മീഡിയ ഹാൻഡ്ബുക്ക് പ്രസ് ഇൻഫർമേഷൻ ബ്യൂറോ അഡീഷണൽ ഡയക്ടർ ജനറൽ വി.പളനിചാമിക്ക് നൽകി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ പ്രകാശനം ചെയ്തു. ആകാശവാണി വാർത്താ വിഭാഗം മേധാവി ലെമി ജി നായർ, നിലയം മേധാവി എ ജി ബൈജു തുടങ്ങിയവർ പങ്കെടുത്തു. തദ്ദേശ തെരഞ്ഞെടുപ്പ് സംബന്ധിച്ച് കമ്മീഷൻ സെക്രട്ടറി ബി.എസ് പ്രകാശ് ക്ലാസ് എടുത്തു.

*********************

RNU TVPM

## ശാസ്ത്രോത്സവം

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് നാളെ പാലക്കാട് തുടക്കമാകും. മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. 14 ജില്ലകളിൽ നിന്നായി 8,500-ൽ അധികം ശാസ്ത്ര പ്രതിഭകൾ നാല് ദിവസങ്ങളിലായി നടക്കുന്ന വിവിധ മത്സരങ്ങളിൽ പങ്കെടുക്കും.

*********************

## ടി-ട്വൻറി ക്രിക്കറ്റ്

ഓസ്ട്രേലിയക്കെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാമത്തെ മത്സരത്തിൽ ഇന്ത്യക്ക് 48 റൺ ജയം. ഓസ്ട്രേലിയയിലെ ക്വീൻസ്‌ലൻഡിലെ കരാര ഓവലിൽ നടന്ന മത്സരത്തിൽ ഇന്ത്യ മുന്നോട്ടുവെച്ച 168 റൺസ് വിജയലക്ഷ്യം

പിന്തുടർന്ന ഓസ്‌ട്രേലിയ 18.2 ഓവറിൽ 119 റൺസിന് ഓൾ ഔട്ടാവുകയായിരുന്നു. ഇതോടെ അഞ്ചു മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-1 മുന്നിലെത്തി. പരമ്പരയിലെ ഫൈനൽ മത്സരം ശനിയാഴ്ച ബ്രിസ്ബേനിൽ നടക്കും.

*********************

## കൽപ്പാത്തി രഥോത്സവം (ഇൻട്രോ)

പാലക്കാട് കൽപ്പാത്തി രഥോത്സവത്തിൻറെ സുഗമമായ നടത്തിപ്പിനുള്ള ഒരുക്കങ്ങൾ ഊർജ്ജിതമാക്കി. ഈ മാസം 14, 15, 16 തീയതികളിലാണ് പ്രധാന രഥപ്രയാണം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

(വോയ്സ്)

*********************

## മന്ത്രി റിപ്പോർട്ട് തേടി

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മതിയായ ചികിത്സ ലഭിക്കാതെ രോഗി മരിച്ചെന്ന പരാതിയിൽ ആരോഗ്യമന്ത്രി വീണാ ജോർജ് അടിയന്തര റിപ്പോർട്ട് തേടി. ബന്ധുക്കളുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി. ഇത് സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. അതെസമയം, സംഭവത്തിൻറെ ഉത്തരവാദിത്തത്തിൽ നിന്നും ആരോഗ്യമന്ത്രിക്കും സംസ്ഥാന സർക്കാരിനും ഒഴിഞ്ഞു മാറാനാകില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു.

*********************

*********************

******

PNUTVPM